# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 23

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതികൾ നീട്ടും; ഗവേഷണ പ്രബന്ധങ്ങൾ ഏപ്രിൽ 15 വരെ സമർപ്പിക്കാം

കോവിഡ് 19 വ്യാപനത്തിന്റെ സാഹചര്യം കണക്കിലെടുത്ത് മഹാത്മാ ഗാന്ധി സർവകലാശാല വിജ്ഞാപനം ചെയ്ത പരീക്ഷകളുടെ അപേക്ഷകൾ സ്വീകരിക്കുന്ന തീയതി നീട്ടി നൽകുമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു. ഓൺലൈൻ മുഖേനയല്ലാത്ത പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതിയും കോളേജുകളിൽ നിന്ന് ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്യാനുള്ള തീയതിയും ദീർഘിപ്പിച്ചു നൽകും. മാർച്ച് 31നകം ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കേണ്ടവർക്ക് ഏപ്രിൽ 15 വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/447/2020)

## എം.ജി.യിൽ ജീവനക്കാരുടെ ജോലിക്ക് ക്രമീകരണം

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ 50 ശതമാനം ജീവനക്കാർ ഒന്നിടവിട്ട ദിവസങ്ങളിൽ ജോലിക്ക് ഹാജരാകുന്നതിന് ക്രമീകരണങ്ങളായി. സർവകലാശാലയിലെ ഗ്രൂപ്പ് ബി, സി, ഡി വിഭാഗം ജീവനക്കാരെ ഓഫീസ് ജോലികൾക്ക് തടസം വരാത്ത രീതിയിൽ നിയോഗിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും വിവിധ വകുപ്പുകളുടെ മേധാവികൾക്കും ചുമതല നൽകി.

ഓരോ ദിവസവും വരേണ്ട ജീവനക്കാരുടെ പട്ടിക തയാറാക്കുന്ന ചുമതലയും ഇവർക്കാണ്. ഓഫീസിൽ ജോലിക്ക് ഹാജരാകാത്ത ജീവനക്കാർ ടെലിഫോൺ വഴിയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയോ ഓഫീസ് മേധാവിയുമായി ബന്ധപ്പെടാൻ കഴിയുന്നുവെന്ന് ഉറപ്പുവരുത്തണം. അത്യാവശ്യ ഘട്ടങ്ങളിൽ മേലധികാരി ആവശ്യപ്പെട്ടാൽ ഓഫീസിൽ ഹാജരാകണം. ഓൺലൈൻ ഫയൽ സംവിധാനമായ ഡി.ഡി.എഫ്.എസ്. ഉപയോഗിച്ച് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. സർവകലാശാല ലൈബ്രറിയുടെ പ്രവർത്തനം രാവിലെ 10.15 മുതൽ വൈകീട്ട് 4.45 വരെയായി പുനഃക്രമീകരിച്ചു. സർവകലാശാല ലൈബ്രറിയിൽ കാമ്പസിന് പുറത്തുനിന്നുള്ള കോളേജുകളിലെ വിദ്യാർഥികൾക്ക് മാർച്ച് 31 വരെ ലൈബ്രറി സൗകര്യങ്ങൾ അനുവദിക്കില്ല.

സർവകലാശാലയിലെ ഭരണ, ഫിനാൻസ്, പരീക്ഷ വിഭാഗങ്ങളിലായി ആകെയുള്ള 1312 ജീവനക്കാരിൽ 714 പേർ ഇന്നലെ (മാർച്ച് 23) ഹാജരായതായി രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ/39/448/2020)

## വിവരാവകാശ അപേക്ഷകൾ തപാൽ മുഖേന

മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ നേരിട്ട് സ്വീകരിക്കില്ല. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തപാൽ മുഖേനയേ വിവരാവകാശ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ.

(പി.ആർ.ഒ/39/449/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ